എല്ലാ പി. എച്ച്. സി.-കളിലും ലബോറട്ടറി സംവിധാനം

14 (*73) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളിലും ലബോറട്ടറി സംവിധാനം ലഭ്യമാണോ ;

(ബി) ലാബുകൾ ഇല്ലാത്ത എത്ര പി.എച്ച്.സി.-കൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ മുഴുവൻ പി.എച്ച്.സി.-കളിലും ലാബ് സംവിധാനം നടപ്പിലാക്കുന്ന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ലഭ്യമല്ല

(ബി) ലാബുകൾ ഇല്ലാത്ത 631 പി. എച്ച്. സി.-കൾ നിലവിലുണ്ട്.

(സി) ദേശീയ ആരോഗ്യ ദൗത്യത്തിലെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിലെ തെരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമികാരോഗ്യ/ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്, സൗകര്യങ്ങൾ ഒരുക്കുന്ന മുറയ്ക്ക് അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കി ലാബുകൾ പ്രവർത്തന സജ്ജമാക്കുന്നതുമാണ്.

ഹോംസ്റ്റേ, വില്ലാ പ്രോജക്ടുകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും

15 (*74) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ ഹോംസ്റ്റേ, വില്ലാ പ്രോജക്ടുൾക്ക് സർക്കാരിൽ നിന്നും ലഭ്യമാക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവ ആരംഭിക്കുന്ന സംരംഭകർക്ക് ആവശ്യമായ ലൈസൻസ്, അനുമതിപത്രം എന്നിവ കാലതാമസമില്ലാതെ ലഭ്യമാക്കാൻ വിനോദസഞ്ചാര വകുപ്പ് എന്തൊക്കെ ഉപദേശ സഹായങ്ങൾ നല്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തദ്ദേശസ്ഥാപനങ്ങൾ, തൊഴിൽ വകുപ്പ് എന്നിവ നികുതികളും, ലക്ഷ്വറി ടാക്സുകളും അനാവശ്യമായും അധികമായും ചുമത്തി ഇത്തരം ചെറുകിട സംരംഭകരെ ബുദ്ധിമുട്ടിലാക്കുകയും കടക്കെണിയിലാക്കുകയും ചെയ്യുന്നതുമൂലം, നിയമാനുസൃത സ്ഥാപനങ്ങൾ പലതും പൂട്ടിപ്പോവുകയും പകരം അനധികൃത സ്ഥാപനങ്ങൾ വർദ്ധിച്ചുവരികയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ അടിയന്തര പരിഹാരം നടപ്പിലാക്കുമോ ?

പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ,

(എ) വിനോദസഞ്ചാരികൾക്ക് കേരളീയ സംസ്കാരം, ആതിഥ്യമര്യാദ, ഗ്രാമീണ സൗന്ദര്യം എന്നിവ മനസ്സിലാക്കിക്കൊടുക്കുന്നതിനും ഗുണമേന്മയുള്ളതും സുരക്ഷിതവുമായ താമസ സൗകര്യം ഏർപ്പെടുത്തുന്നതിനും വേണ്ടിയാണ് വിനോദസഞ്ചാര വകുപ്പ് ഹോം സ്റ്റേ സർവ്വീസ്ഡ് വില്ല ക്ലാസിഫിക്കേഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഇത് തദ്ദേശീയർക്ക് ഒരു അധിക വരുമാനം ലഭ്യമാക്കുക എന്നതിലുപരി സമൂഹത്തിന്റെ സ്ഥായിയായ വികസനത്തിന് ഹേതുവാകുകയും ചെയ്യുന്നു. ക്ലാസിഫിക്കേഷൻ ലഭിച്ച ഹോം സ്റ്റേകൾക്ക് ധനസഹായം, വായ്പ എന്നിവ ടൂറിസം വകുപ്പ് നൽകുന്നില്ല. എന്നാൽ നിലവിലുള്ള വീടുകളെ ഹോം സ്റ്റേകളാക്കി മാറ്റുന്നതിനുള്ള പ്രവൃത്തികൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനാവശ്യമായ സഹായം നൽകി വരുന്നു. ക്ലാസിഫിക്കേഷൻ ലഭിക്കുന്നതിലൂടെ കേരള ടൂറിസം സംഘടിപ്പിക്കുന്ന ദേശീയ-വിദേശ ടൂറിസം മേളകളിൽ ക്ലാസിഫൈഡ് ഹോം സ്റ്റേകൾക്ക് പങ്കാളിത്തം നൽകി വരുന്നുണ്ട്.

(ബി) കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ക്ലാസിഫിക്കേഷൻ പദ്ധതികളെക്കുറിച്ചുള്ള വിശദവിവരം ലഭ്യമാണ്. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളെക്കുറിച്ചും ഹോം സ്റ്റേയിൽ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളെക്കുറിച്ചുമുള്ള വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. വിനോദസഞ്ചാര വകുപ്പിന്റെ ഇൻഫർമേഷൻ കൗണ്ടറുകൾ വഴിയും വകുപ്പ് സംഘടിപ്പിക്കുന്ന മേളകൾ വഴിയും DTPC-കൾ വഴിയും ക്ലാസിഫിക്കേഷൻ ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനങ്ങൾക്ക് അവബോധം നൽകിവരുന്നുണ്ട്. ക്ലാസിഫിക്കേഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി അപേക്ഷകൾ സ്വീകരിക്കുന്നതും പരിശോധന നടത്തുന്നതും DTPC-കൾ മുഖേനയാണ്. ഹോം സ്റ്റേ ക്ലാസിഫിക്കേഷൻ പുതുക്കുന്നതിനുള്ള അപേക്ഷകൾ ക്ലാസിഫിക്കേഷൻ കാലാവധി തീരുന്നതിന് ആറ് മാസം മുമ്പ് സ്വീകരിക്കുന്നതിനുള്ള നടപടി വകുപ്പ് നടപ്പാക്കിവരുന്നു. ഇത് കാലാവധി പുതുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സഹായകരമാകുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീപത്മനാഭസ്വാമി ക്ഷേത്ര ഭരണം

16 (*75) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്ര ഭരണം സർക്കാർ ഏറ്റെടുക്കണമെന്ന 2011-ലെ ഹൈക്കോടതി ഉത്തരവ് നടപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ ഭരണം ഏറ്റെടുക്കാൻ തയ്യാറാണെന്ന് സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ നിലപാട് മാറ്റത്തിന്റെ കാരണം വ്യക്തമാക്കുമോ ; നിർദ്ദിഷ്ട ഭരണ സംവിധാനത്തിൽ ക്ഷേത്ര സ്വത്ത് കൈകാര്യം ചെയ്യുന്നതിനും നിധി സൂക്ഷിക്കുന്നതിനും അവലംബിക്കുന്ന രീതി എന്താണെന്ന് വിശദമാക്കാമോ ;

(സി) സർക്കാരും മുൻ രാജകുടുംബവും തമ്മിൽ ഒത്തുകളിക്കുകയാണെന്ന അമിക്കസ് ക്യൂറി റിപ്പോർട്ടിലെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഇതിന്മേൽ നിലപാട് വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രീ പത്മനാഭസ്വാമി ക്ഷേത്ര ഭരണം സർക്കാർ ഏറ്റെടുക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പുറപ്പെടുവിച്ചത് 2011 ജനുവരി 31-നാണ്. ക്ഷേത്ര ഭരണത്തിനായി ഒരു ട്രസ്റ്റോ അല്ലെങ്കിൽ നിയമപരമായ സംവിധാനമോ മൂന്നു മാസങ്ങൾക്കുള്ളിൽ ഏർപ്പെടുത്തണമെന്നായിരുന്നു കോടതി വിധി. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly